അലങ്കാര മത്സ്യകൃഷിക്ക് പരിശീലനം

81 [2577] ശ്രീ. എം. എം. ഹസ്സൻ :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അലങ്കാര മത്സ്യകൃഷിക്ക് പരിശീലനം നൽകുവാൻ പരിപാടിയുണ്ടോ; ഉണ്ടെങ്കിൽ എത്രപേർക്ക്;

(ബി) പരിശീലനം ലഭിച്ചവർക്ക് അലങ്കാര മത്സ്യകൃഷി നടത്തുന്നതിന് എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ട്;

(സി) അലങ്കാര മത്സ്യകൃഷിക്കുള്ള മത്സ്യകുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്ന എത്ര കേന്ദ്രങ്ങൾ നിലവിലുണ്ട്?

ഉത്തരം

(എ) ഇപ്പോൾത്തന്നെ പരിശീലനം നൽകി വരുന്നുണ്ട്.

പത്തനംതിട്ട FFDA-യുടെ നേതൃത്വത്തിൽ ഈ വർഷം 100 പെരെ പരിശീലനത്തിനായി തെരെഞ്ഞടുക്കുകയും 70 പേരുടെ ട്രെയിനിംഗ് പൂർത്തിയാക്കുകയും ചെയ്തു. ബാക്കിയുള്ളവരുടെ ട്രെയിനിംഗ് പൂർത്തിയാക്കാൻ നടപടിയെടുത്തു വരുന്നു. മത്സ്യഫെഡ്, മാനവവികസന മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെ 48 ലക്ഷം രൂപ മുടക്കി സംസ്ഥാനത്തെ 600 വനിതാ മത്സ്യത്തൊഴിലാളികൾക്ക് അലങ്കാരമത്സ്യ കൃഷി ഒരു സ്വയംതൊഴിലായി സ്വീകരിക്കുന്നതിന് പദ്ധതി നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി 450 യുവതികൾക്ക് സാങ്കേതിക സഹായം നൽകിക്കഴിഞ്ഞു. ബാക്കി 150 പേർക്ക് പരിശീലനം നൽകാനുള്ള നടപടികൾ പൂർത്തിയായിവരുന്നു. ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ അലങ്കാരമത്സ്യ കൃഷി പരിപോഷിപ്പിക്കുന്നതിന് താൽപര്യമുള്ളവർക്ക് സാങ്കേതിക പരിശീലനം നൽകിവരുന്നു.

(ബി) മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സംഘങ്ങളിലെ അംഗങ്ങളായ വനിതാ മത്സ്യത്തൊഴിലാളികൾക്ക് അലങ്കാര മത്സ്യോൽപ്പാദനത്തിനായി സ്വയംതൊഴിൽ ഗ്രൂപ്പുകൾ (4 മുതൽ 6 വരെ വനിതകൾ ഉൾപ്പെട്ടവ) രൂപീകരിക്കുവാനും തുടർന്ന് അലങ്കാര മത്സ്യക്കൃഷി യൂണിറ്റുകൾ തുടങ്ങാൻ മൂലധനമായും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി സാമ്പത്തിക സഹായങ്ങൾ ചെയ്തു വരുന്നു. സിമന്റ് കുളങ്ങളിൽ അലങ്കാര മത്സ്യക്കൃഷി നടത്തുന്ന ഗ്രൂപ്പുകൾക്ക് 22,000 രൂപയും സാധാരണ കുളങ്ങളിൽ അലങ്കാര മത്സ്യക്കൃഷി നടത്തുന്ന ഗ്രൂപ്പുകൾക്ക് 11,000 രൂപയുമാണ് ധനസഹായമായി നൽകുന്നത്. ഈ ധനസഹായം ഗ്രാന്റായാണ് അനുവദിക്കുന്നത്. നിലവിൽ പരിശീലനം കഴിഞ്ഞ 450 വനിതകൾക്കും ഈ പദ്ധതിയുടെ ആനുകൂല്യം നൽകിക്കഴിഞ്ഞു. സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾ

LIBRARY ARCHIVES Kerala Legislative Assembly

രൂപീകരിച്ച് സ്വയം തൊഴിൽ പദ്ധതി ആരംഭിക്കുന്നതിന് ആവശ്യമായ പരിശീലനവും അടിസ്ഥാന സൗകര്യങ്ങളും ഫിർമയും നൽകിവരുന്നുണ്ട്. എറണാകുളം ജില്ലയിൽ കടുങ്ങല്ലൂരിൽ ആരംഭിച്ചിട്ടുള്ള അലങ്കാര മത്സ്യകൃഷി പരിശീലന കേന്ദ്രത്തിൽ തന്നെ ഇവർക്ക് മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിനും ഇവ ഫിർമയുടെ സഹായത്തോടെ വിറ്റഴിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

(സി) 3 കേന്ദ്രങ്ങൾ.

മത്സ്യത്തൊഴിലാളി പെൻഷൻ കുടിശ്ശിക

82 [2580] ശ്രീ. ടി. യു. രാധാകൃഷ്ണൻ :

„ കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നപ്പോൾ മത്സ്യത്തൊഴിലാളി പെൻഷന്റെ എത്ര തവണകൾ കുടിശ്ശികയുണ്ടായിരുന്നു;

(ബി) ഈ ഗവൺമെന്റിന്റെ കാലത്ത് തൊഴിലാളികൾക്ക് കുടിശ്ശികയുണ്ടായിരുന്ന പെൻഷൻ നൽകുകയുണ്ടായോ; എങ്കിൽ എത്ര ഗഡു കുടിശ്ശിക നൽകി; അതിന് എന്തുചെലവായി; ഇനി എത്ര ഗഡു കുടിശ്ശിക നൽകാനുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) 18 മാസ തവണകൾ കുടിശ്ശികയുണ്ടായിരുന്നു.

(ബി) 18 മാസത്തെ കുടിശ്ശിക ഉൾപ്പെടെ 4/2004 വരെയുള്ള 54 മാസത്തെ മത്സ്യത്തൊഴിലാളി പെൻഷൻ കുടിശ്ശികയും 7/2004 വരെയുള്ള 36 മാസത്തെ വിധവ പെൻഷനും നൽകിയിട്ടുണ്ട്. ഇതിനായി മൊത്തം 1680.88 ലക്ഷം രൂപ ചെലവായി. ഇനി 11 മാസത്തെ മത്സ്യത്തൊഴിലാളി പെൻഷനും 7 മാസത്തെ വിധവാ പെൻഷനും കുടിശ്ശികയുണ്ട്. ഒരു മാസത്തിനകം ബാക്കിയുള്ള കുടിശ്ശികയും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അപകടമരണ ധനസഹായം

83 [2581] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യബന്ധനത്തിന് കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ട് മരിച്ചാൽ ഒരു ലക്ഷം രൂപ പ്രസ്തുത് തൊഴിലാളിയുടെ കുടുംബത്തിന് നൽകുന്ന സ്കീം വഴി എത്ര കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly